# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .4906

04.07.2012-ൽ മറുപടിക്ക്

## നാടൻ വള്ളങ്ങളുടെയും ഔട്ട് ബോർഡ് എൻജിനുകളുടെയും നവീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.ഡി. സതീശൻ<br>" പി.സി. വിഷ്ണുനാഥ്<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" എ.റ്റി. ജോർജ് | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | നാടൻ വള്ളങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം മൽസ്യഫെഡ് ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | മുൻ വർഷങ്ങളിലെപ്പോലെ നടപ്പ് സാമ്പത്തിക വർഷവും നാടൻ വള്ളങ്ങളിൽ 10 എച്ച്.പി.ക്ക് താഴെയുള്ള ഔട്ട് ബോർഡ് എൻജിനുകൾ ഘടിപ്പിക്കുന്നതിന് 30,000 രൂപ വരെ സബ്സിഡി നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പരമ്പരാഗത മേഖലയിൽ മൽസ്യബന്ധനത്തിനായി ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എൻജിനുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്.<br>നാടൻ വള്ളങ്ങളിൽ 10 എച്ച്.പി.ക്ക് താഴെയുള്ള ഔട്ട് ബോർഡ് എൻജിനുകൾ ഘടിപ്പിക്കുന്നതിന് 30,000 രൂപ വരെ സബ്സിഡി നൽകുന്ന ഒരു പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ഇതിലേക്ക് 40 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഔട്ട് ബോർഡ് എൻജിനുകൾ പരമാവധി 3 വർഷത്തിലൊരിക്കൽ മാറ്റി പുതിയവ ഉപയോഗിക്കേണ്ടി വരുന്ന സാഹചര്യത്തിൽ മൽസ്യത്തൊഴിലാളികൾക്ക് സബ്സിഡിയിനത്തിൽ നൽകുന്ന തുക വർദ്ധിപ്പിക്കാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | നാടൻ വള്ളങ്ങളുടെ നവീകരണത്തിന് കേന്ദ്രസഹായം ലഭ്യമാണോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | നാടൻ വള്ളങ്ങൾ നവീകരിക്കുന്ന പദ്ധതി 50 % കേന്ദ്ര സഹായമുള്ള പദ്ധതിയാണ്. ഈ വർഷം ഇതിലേക്ക് 20 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം. |

സെക്ഷൻ ഓഫീസർ